# മനസ്സു തുറക്കാം




little KITEs

# ആമുഖം

ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മയുടെ ഡിജിറ്റൽ മാഗസിൻ കേരളത്തിലെ പൊതു വിദ്യാലയങ്ങിലെ കുട്ടികളുടെ പ്രാവീണ്യം തെളിയിക്കാനുള്ള നല്ലൊരു അവസരമാണ്. ഡിജിറ്റൽ യുഗത്തിൻറെ അനിവാര്യതയാണിത്.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കഴിവ് ഉപയോഗപ്പെടുത്തി നിർമിക്കുന്ന ഈ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

ലിറ്റിൽകൈറ്റ്സിനുവേണ്ടി

ചീഫ് എഡിറ്റർ

ഷെർലി .എം.പി



ഷെർലി .എം.പി

**ഡിജിറ്റൽ യുഗത്തിൽ അത്തരത്തിൽ ഒരുക്കുന്ന മാഗസിന് എൻറെ എല്ലാ ഭാവുകങ്ങളും നേരുന്നു**

**പ്രിൻസിപ്പാൾ**

**മനോജ് ജി**



**വിവരസാങ്കേതികവിദ്യയുടെ  യുഗത്തിൽ ലിറ്റിൽകൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് ഭാവുകങ്ങൾ നേരുന്നു**

**ഹെഡ്മിസ്ട്രസ്സ്**

**സുമ കെ**

# രാമകൃഷ്ണ മിഷൻ സ്കൂൾ ദേശീയ പുരസ്കാരത്തിൻറെ നിറവിൽ

ഈ വർഷത്തെ ഇന്ത്യയിലെ ഏറ്റവും നല്ല പരിസ്ഥിതി ക്ളബ്ബിനുള്ള അവാർഡുകളിൽ രണ്ടാം സ്ഥാനം രാമകൃഷ്ണ മിഷൻ നേടി.



# LITTLE KITES
# 8 STD
# 2019-20



# LITTLE KITES
# 9 STD

# 2019-20



# LITTLE KITES
# 10 STD
# 2019-2020



# പടിയിറങ്ങുമ്പോൾ

-ഉണ്ണികൃഷ്ണൻ

കടൽ തിന്നൊരിലയാണ് ഞാൻ
ഇവിടെയീയിരുൾ വീണ വീടിൻ
വരാന്തയിൽ
ഇലയറ്റുണങ്ങിയ ചില്ലപോലെ
ഇടതടവില്ലാതെ പെയ്യും മഴയിലേ
യ്ക്കിമപൂട്ടുവാനും മറന്നുനില്ക്കേ,
പലതും മനസ്സിൽ കുറച്ചു മായ്ച്ചങ്ങനെ
പകലൊടുങ്ങുന്നു.......

പതിയെ പതിവു മുഖങ്ങൾ മനസ്സിൽ
വന്നരുമയായെന്നോടു പുഞ്ചിരിക്കെ
പ്രിയദമയാമേതോ പതിഞ്ഞതാളങ്ങളെൻ
പഴയ കാലത്തിൻ സ്മൃതികളാകെ

പതിവു വീട്ടിമഴപ്പെയ്ത്തിലേയ്ക്കോടിയീ
പ്പുതുമഴത്തുള്ളിയോരോന്നിനേയും
വിരൽതൊട്ടു വിരൽതൊട്ടു പുഞ്ചിരിത്തുള്ളിയാ
യുടയാതെ  നിർത്താൻ
കൊതിച്ചുപോകെ
ഒരുവാക്ക്  ഒരുവാക്കുമാത്രമീമായുന്ന
പകൽവെളിച്ചങ്ങളെ  സാക്ഷിയാക്കി......

അടിതെറ്റി  വീണൊരാക്കടലിൽ

ഞാനിലപ്പോലെ
വെറുതെ കിടക്കുകയായിരുന്നു
ജലഹസ്തമരുമയായ്
കനമറ്റൊരിലയെയാ
ക്കടലിൻെറയാക്കുകയായിരുന്നു.......

തിരയും കടൽക്കാറ്റുമിലയുമായ്
ജലകേളി-
യൊരുപാടുകാലം തുടർന്നിരുന്നു.....
ഒടുവിലാക്കടലിൻെറയുപ്പായുണങ്ങിയോ
രിലയെയെുൾക്കൊള്ളുകയായിപുന്നു.....

കടൽതിന്നൊരിലയാണ് ഞാൻ,
തെറ്റി,
ഇലയല്ല,
വെറുപ്പ്,കടലുപ്പ്,ഉപ്പുമാത്രം

അതുമല്ല
ഉപ്പുമല്ലിത്തിരിപ്പോന്നെന്നൊരു
തരിമാത്രമൊരുവെറും സ്പന്ദമാത്ര.....

ഒരുപേരിനായ്
വാക്കുചോദിക്കുമുണ്ണിയാ
മൊരുമാത്ര,ജലമയസ്പന്ദമാത്ര
(പടിയിറക്കത്തിനൊരുങ്ങുമ്പോൾ)

പുലരിമഞ്ഞിൻ പുതപ്പിനടിയിലായ്
പതിവുനിദ്രയിൽ  പൂക്കൾ,
പൂമ്പാറ്റകൾ....

ഹൃദയപാത്രം
വെയിൽവെളിച്ചത്തിനാൽ
നിറവതും കാത്തു പച്ചിലച്ചാർത്തുകൾ.....

അകലെയെങ്ങോ
പതിഞ്ഞ താളങ്ങളിൽ
പതിവുപോൽ
പാട്ടുപാടുന്ന പക്ഷികൾ

ശരണമന്ത്രം ജപിച്ചുകൊണ്ടന്തിമ
പടവുതേടിപ്പതഞ്ഞു പോം ചോലകൾ

അവയിലോരോ
പുളിനക്കുരുന്നിനും കനകമേഖല
ചാർത്തുന്നൊരാംശുമാൻ

പഴയ താളവും പതിവുമോഹങ്ങളും
ഹൃദയനാദമായെന്നിലും നിന്നിലും
പുതിയനാളമായ് പൂവിട്ടുനിൽക്കവേ
പിരിയുവാനെനിക്കാവുമോ  മണ്ണിനെ !

# നാം

-മനോജ്.എം



ആകാശങ്ങൾക്കതിരിട്ടവർ
നാം
കടലിനുപേരിട്ടർ നാം
വയലുനിരത്തി നിരത്താക്കിയ
നാം
നിരത്തിലുറഞ്ഞു
കിതയ്ക്കുന്നവർ നാം

മതരാഷ്ട്രീയ മതിൽക്കെട്ടുകളിൽ
ശ്വാസം മുട്ടി മരിക്കുന്നവർ നാം
അന്നത്തിന്നും മാനത്തിന്നും
സർവ്വം വിറ്റും തുലക്കുന്നവർ നാം

കുഞ്ഞിനെയമ്മയൊ
അമ്മൂമ്മയെയും
കണ്ണില്ലാതെ കശക്കുന്നവർ നാം
തിരുവായ്ക്കെതിർവായ്
മിണ്ടുന്നവരെ
തീയിൽ ചുട്ടുകരിക്കുന്നവർ നാം
കൂട്ടംകൂടി നടക്കുന്നവരെ
തമ്മിൽത്തല്ലിച്ചാർക്കുന്നവർ നാം

തറവാടികൾ നാം
തെരുവോരങ്ങളിൽ
തെറിയാലുത്സവമാടുന്നവർ നാം
അന്നം കിട്ടാതലയുന്നവരുടെ
അന്നം കട്ടുമുടിക്കുന്നവർ നാം

നാമം ചൊല്ലി നടക്കുന്നവർ നാം
മാനം വിറ്റു വിളമ്പുന്നവർ നാം
മണ്ണിന് ഘനമായ് തീരുന്നവർ നാം
മണ്ണായ് തീരുവത്തോർക്കാത്തവർ നാം



# 2019-20 സബ്ജില്ലാ

# കലോത്സവം

# ആർ.കെ.എം.എച്ച്.എസ്.

ഒരുപാട് കുട്ടികളുടെ ആരവത്തോടെ 2019-20 വർഷത്തെ സബ്ജില്ലാ സ്ക്കൂൾ കലോത്സവം ഞങ്ങളുടെ സ്ക്കൂളിൽ വെച്ചു നടന്നു. കുട്ടികളുടെയും അധ്യാപകരുടെയും സഹകരണത്താൽ കലോത്സവം നല്ലരീതിയിൽ നടക്കുകയുണ്ടായി.

ഈ കലോത്സവത്തിലെ പുതുമയാർന്ന ഒരു കാഴ്ച്ചയായിരുന്നു ക്യാമറയുമായ് ഓടിനടക്കുന്ന കുട്ടിറിപ്പോർട്ടർമാർ. അവരുടെ ദൃശ്യങ്ങളിലേക്ക് ഒരെത്തിനോട്ടം.












കാണികൾ ആകാംക്ഷയോടെ




## സഹപാഠിയ്ക്കൊരു വീടിനായ് കൈകോർക്കുന്നു ഞങ്ങൾ !











# ആര്യവേപ്പ്

Sreedatha K XF

Azedirachta Indica(ശാസ്ത്രീയ നാമം)
പൊതുവേ ഇന്ത്യയിലെല്ലായിടത്തും കാണപ്പെടുന്ന ഒരു ഔഷധസസ്യമാണ് ആര്യവേപ്പ്. പവിത്രമായ മരമായി പുരാതനകാലം മുതലേ കാണുന്നതിനാലും വീടുകളിൽ വളർത്താൻ യോഗ്യമായതിനാലു ഇവയെ വീട്ടുമുറ്റത്ത് നട്ടുവളർത്താറുണ്ട്.വേപ്പിന്റെ വിത്തിൽ നിന്നും വേപ്പെണ്ണ ആട്ടി എടുക്കാറുണ്ട്.വേപ്പിന്റെ പിണ്ണാക്ക് വളമായി ഉപയോഗിക്കുന്നു. പ്രധാന ജൈവകീടനാശിനിക്കുടിയാണിത്. ഇത് ഏകദേശം 30 മീ. ഉയരത്തിൽ വളരുന്നു.ഇല രണ്ടു വശത്തേക്കും ഒരു പോലെ കാണപ്പെടുന്നു. ഔഷധ നിർമ്മാണത്തിന് പ്രധാനമാ
യും തടി,ഇല,കായ്,കായിൽനിന്നെടുക്കുന്ന എണ്ണ എന്നിവയാണ്.

Kingdom:-Plantea
Division:-Magnoliophyta
Order:-Sapindales
Family:-Meliaceac
Genus:-Azadirachta
Species:-Indic



# ഒരു കാർണിവൽ രാത്രി

NABEEL RAHMAN 9-E



എനിക്ക് യാത്ര വളരെ അധികം ഇഷ്ടമാണ്. പൊതു വാഹനങ്ങളിലും ബൈക്കുകളിലും യാത്ര ചെയ്യാനാണ് എനിക്കിഷ്ടം 2017-07-22 അതൊരു ഞായറാഴ്ച്ചയായിരുന്നു.

ജൂലൈ 22 എന്റെ പിറന്നാൾ ദിവസമാണ്.

അന്ന് എനിക്ക് 12 വയസ്സ്.രാവിലെ തന്നെ വീട്ടിൽ മാമനും കുടുംബക്കാരും ഉണ്ടായിരുന്നു. എന്റെ ബർത്ത്ഡേ പ്രമാണിച്ച് അന്ന് വീട്ടിൽ ഉമ്മ ബിരിയാണി ഉണ്ടാക്കിയിരുന്നു. എന്റെ ഉമ്മയുടെ ബിരിയാണിയാണ് വീട്ടിൽ എല്ലാവർക്കും ഇഷ്ടം .ഞങ്ങളെല്ലാവരും ഒത്തിരുന്ന് ഭക്ഷണം കഴിച്ചു. മാമന്റെ വക എല്ലാവർക്കും ഐസ്ക്രീമും ഉണ്ടായിരുന്നു.

ഞങ്ങൾ കുട്ടികൾ മൂന്നു പേരുണ്ടായിരുന്നു. ഞങ്ങൾ പുറത്തുപോകണമെന്നു പറഞ്ഞ് മാമനെ കെട്ടിപ്പിടിച്ചു. അപ്പോഴാണ് മാമൻ പറഞ്ഞത് ഇന്ന് ബീച്ചിൽ കാർണിവൽ ഉണ്ടെന്ന്.പിന്നെ ഞങ്ങൾ താമസിച്ചില്ല.അങ്ങനെ ഞങ്ങളെല്ലാവരും രാത്രി 7:30 ന് കാർണവൽ കാണാൻ പോയി. ബീച്ചിന്റെ അരികത്തായിരുന്നു കാർണിവൽ.കാർണവിൽ കാണാൻവരുന്നതിനെക്കാൾ പ്രിയം ഞങ്ങൾക്ക് അതിനകത്തു ള്ള റൈടുകളിൽ കെറാനായിരുന്നു.

അങ്ങനെ ഞങ്ങൾ കാർണിവൽ ടിക്കറ്റ് എടുത്തു അകത്തു പ്രവേശിച്ചു.അകത്ത് ഭീമാഗാരൻമാരായ ദിനോസറു കളുടെ രൂപങ്ങൾ ഉണ്ടായിരുന്നു.ഞങ്ങളതുകണ്ട് നിന്നു പോയി.പലതരം മീനുകൾ,ജന്തുക്കൾ,പറവകൾ,പാമ്പുകൾ എന്നിവയെല്ലാം കണ്ടു,കൂടെ പലവിധ വിഭവങ്ങളും കഴിച്ചു.

അങ്ങനെ അവസാനം റൈഡുകളുടെ ഭാഗത്തെത്തി പലതരം റൈഡുകൾ ഉണ്ടായിരുന്നു. ഞങ്ങൾ ആദ്യം കയറിയത് Pumb-House-ൽ ആയിരുന്നു.അത് ഒരു കാറ്റ് നിറച്ച റബ്ബർ കൊണ്ടുള്ള ഒരു കൊട്ടാരമായിരുന്നു.
അതിൽ ഞങ്ങൾ കുറേ നേരം കളിച്ചതിനുശേഷം ഞങ്ങൾ യന്ത്ര ഊഞ്ഞാലിൽ കയറി അത് ആദ്യം നിശബ്ദനായി വലിച്ചുഎങ്കിലും പിന്നീട് വളരെ വേഗത്തിൽ അത് കറങ്ങി. ഞങ്ങളുടെ കൂട്ടത്തിലെ എന്റെ ആന്റിയുടെ മകൻ കരഞ്ഞു തുടർന്ന് ഞങ്ങൾ വേഗം പുറത്തിറങ്ങി.

വേഗം മാമൻ ഒരു ഫ്രൂട്ടി വാങ്ങികൊടുത്തു. ഞങ്ങൾ കടലിനു നേരെയിരുന്നു . കടലിന്റെ കാറ്റും കൊണ്ടതു കഴിച്ചു.



# നാടൻ പാട്ട്

വാമൊഴിയായി തലമുറ കൈമാറി വന്ന നാടൻ പാട്ടുകൾ പിന്നീട് അക്ഷരങ്ങൾ വന്നതോടെ വരമൊഴിയാക്കിമാറ്റി.അങ്ങനെ ശേഖരിച്ച് പസിദ്ധപെടുത്തിയവ.

പഴയകാലഘട്ടത്തിലെ ജനജീവിതത്തിന്റെ തുടിപ്പുകൾ നമുക്ക് അവയിൽ കാണാം.

*തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ*
*കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി*
*കണ്ണീരും കൈയ്യായി നിന്നവള്*
*കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി*
*"കനകം നാളേറെ മനം കൊ    തിച്ച്*
*കരളിനകത്തുള്ള നാടുവാഴിക്ക്*
*അറിയാതെയായിരം കുറ്റം കണ്ട്*
*അതിനെന്തുടയോനെ! വേണ്ടത് ഞാനേ*

*NANDHANA NANDHAN B.P*

# പഴച്ചൊല്ലുകൾ

പഴഞ്ചൊല്ലിൽ പതിരില്ല...

മിന്നുന്നതെല്ലാം പൊന്നല്ല...

കാക്ക കുളിച്ചാൽ കൊക്കാകുമോ?

മത്തൻ കുത്തിയാൽ കുമ്പളം മുളക്കുമോ?

വേലി തന്നെ വിള തിന്നുക...

മുളയിലറിയാം വിള...

മുറ്റത്തെ മുല്ലയ്ക്ക് മണമില്ല...

പയ്യെ തിന്നാൽ പനയും തിന്നാം...

എല്ലു മുറിയെ പണിചെയ്താൽ പല്ലു മുറയെ തിന്നാം...

ചന്ദനം ചാരിയാൽ ചന്ദനം മണക്കും;

ചാണകം ചാരിയാൽ ചാണകം മണക്കും...

കതിരിൽ വളം വയ്ക്കരുത്...

വിത്താഴം ചെന്നാൽ പത്തായം നിറയും...

ഉപ്പോളം വരുമോ ഉപ്പിലിട്ടത്...

ABHIRAMI K. P

# സാങ്കേതിക സഹായം

ശ്രീജ .പി
ഷെർലി.എം.പി
ജസ്ന എം. എസ്.

| | |
|---|---|
| NANDHANA NANDHAN .B.P | 10-G |
| ABHIRAMI.K.P | 10-C |
| ADITH.V | 9-E |
| NABEEL RAHMAN A.M | 9-E |
| AMJITH M.C | 10-G |
| ADWAIDH | 10-C |
| ASWIN .G | 10-C |
| SHONE PRABHAKAR .T | 9-E |
| ANOODI FATHIMA K.P | 10-A |